Kerala Catholic Bishop's Council (KCBC)
Secretariat, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi-682 025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-280614
E-mail: deputysecretarykcbc@gmail.com, www.kcbcsite.com

5.12.2016

All Kerala Press Release
*Ref: 601KCBC/K-6/KPR/DS*

# വൈവിധ്യങ്ങളെ ഉൾക്കൊണ്ട് കൂട്ടായ്മയുടെ സാക്ഷ്യം പകരണം: ആർച്ച് ബിഷപ്പ് സൂസപാക്യം

കൊച്ചി: സഭയിലും സമൂഹത്തിലും ബഹുസ്വരതയെയും വൈവിധ്യങ്ങളെയും ഉൾക്കൊണ്ട് കൂട്ടായ്മയുടെ സാക്ഷ്യം പകരാൻ വിശ്വാസികൾക്ക് സാധിക്കണമെന്ന് കെസിബിസി പ്രസിഡന്റ് ആർച്ച് ബിഷപ്പ് ഡോ. എം. സൂസ പാക്യം പറഞ്ഞു. കെസിബിസി–കെസിസി സംയുക്ത സമ്മേളനം പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമഗ്രമായ വളർച്ചയ്ക്ക് പരസ്പര സഹകരണം അനിവാര്യമാണ്. സാമൂഹ്യജീവിതത്തിൽ സാക്ഷ്യവും ജാഗ്രതയും ശക്തമാക്കണം. നേട്ടങ്ങളിലുള്ള അഭിമാനബോധം, സേവനമനോഭാവം വളർത്തുന്നതിന് പ്രചോദനമാകണം. പൊതുസമൂഹത്തിനു മാതൃകയാവുന്ന തരത്തിൽ വിശ്വാസ, സാക്ഷ്യജീവിതം ക്രമപ്പെടുത്താൻ സാധിക്കണമെന്നും ആർച്ചുബിഷപ് ഡോ. സൂസപാക്യം ഓർമ്മിപ്പിച്ചു.
കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ് യൂഹാന്നോൻ മാർ ക്രിസോസ്തം അധ്യക്ഷത വഹിച്ചു. കെസിബിസി സെക്രട്ടറി ജനറൽ ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, കെസിസി സെക്രട്ടറി വി.സി ജോർജുകുട്ടി എന്നിവർ പ്രസംഗിച്ചു.

കടൽക്ഷോഭത്തിലും ചുഴലിക്കാറ്റിലും ഇരകളായി ജീവൻ നഷ്ടപ്പെട്ടവർക്ക് സമ്മേളനം അനുശോചനം രേഖപ്പെടുത്തി. രക്ഷാപ്രവർത്തനങ്ങളിലും പുനരധിവാസത്തിനും ആവശ്യമായ സഹായസഹകരണങ്ങൾ വിശ്വാസിസമൂഹത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാവണമെന്നും സമ്മേളനം ആഹ്വാനം ചെയ്തു. കെസിബിസിയുടെ നേതൃത്വത്തിൽ ഇന്ന് (6.12.2017) വൈകിട്ട് 7 മണിക്ക് വല്ലാർപാടം ബസിലിക്കയിൽ വച്ച് പ്രത്യേകമായ പ്രാർത്ഥനാസമ്മേളനവും നടത്തുന്നതാണ്.

ബഹുസ്വരതയും ഐക്യവും സംരക്ഷിച്ചുകൊണ്ട്, സഭയിലും സമൂഹത്തിലും ദൈവകാരുണ്യത്തിനു സാക്ഷിയാകാൻ സഭയെ ഒരുക്കുക എന്ന വിഷയത്തെ അധികരിച്ച് വടവാതൂർ സെന്റ് തോമസ് സെമിനാരി പ്രൊഫസർ, റവ. ഡോ. സൂരജ് പിട്ടാപ്പിള്ളിൽ പ്രബന്ധാവതരണം നടത്തി. കേരളസഭയിലെ പുതിയ മെത്രാന്മാരായ മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ, മാർ ജോസഫ് പാംബ്ളാനി മാർ തോമസ് തറയിൽ, മാർ ടോണി നീലങ്കാവിൽ എന്നിവരെ സമ്മേളനം ആദരിച്ചു.

കെസിസി വാർഷിക റിപ്പോർട്ട് സമ്മേളനം അംഗീകരിച്ചു. പൊതുചർച്ചയും നടന്നു. ഫാ. ജോളി വടക്കൻ, അഡ്വ. ജോജി ചിറയിൽ, ഡോ.ചാക്കോ കാളാംപറമ്പിൽ, ശ്രീ. സജി ജോൺ, ഡോ. മേരി റെജീന, എ. ജെയ്നമ്മ, ഡോ. എം.എ. ജോസഫ്, സിജോ പൈനാടത്ത് തുടങ്ങിയവർ നേതൃത്വം നല്കി.
ഇന്നും നാളെയുമായി കെസിബിസി സമ്മേളനം പിഒസിയിൽ നടക്കും.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

കെസിബിസി–കെസിസി സംയുക്ത സമ്മേളനം പാലാരിവട്ടം പിഒസിയിൽ ആർച്ചുബിഷപ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു. ഡോ. മേരി റെജീന, ഫാ. വർഗീസ് വള്ളിക്കാട്ട്, ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്, ബിഷപ് യൂഹാന്നോൻ മാർ ക്രിസോസ്തം, വി.സി ജോർജുകുട്ടി, ഫാ. ഡോ. സൂരജ് പിട്ടാപ്പിള്ളിൽ, പരിമൾ ആന്റണിഎന്നിവർ സമീപം.